2025 SEPTEMBER
12
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

**51 കി.മീ നീളം, 48 തുരങ്കങ്ങൾ, 142 പാലങ്ങൾ, 8,000 കോടി രൂപ ചെലവ്**

# മിസോറാമിലേക്ക് ട്രെയിൻ എത്തുന്നു

**ന്യൂദൽഹി:** മിസോറാമിന്റെ തലസ്ഥാനമായ ഐസ്വാളിലേക്കുള്ള റെയിൽ പാത എന്ന ദീർഘകാല സ്വപ്നം ഉടൻ യാഥാർത്ഥ്യമാകാൻ പോകുന്നു. ഐസ്വാളിനെ ഇന്ത്യയുടെ റെയിൽവേ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ബൈറബി മുതൽ സൈരാങ് വരെയുള്ള 51.38 കിലോമീറ്റർ ദൈർഘ്യമുള്ള ബ്രോഡ്ഗേജ് പാത ഉദ്ഘാടനത്തിന് ഒരുങ്ങുകയാണ്.



പ്രധാനമന്ത്രി നരേന്ദ്ര മോദി, സംസ്ഥാന സന്ദർശന വേളയിൽ പാത ഉദ്ഘാടനം ചെയ്തേക്കും. വടക്കു കിഴക്കൻ സംസ്ഥാനങ്ങളെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കാനുള്ള ഇന്ത്യൻ റെയിൽവേയുടെ അഭിലാഷ പദ്ധതിയിലെ ഒരു നാഴികക്കല്ലാകും ഇത്.

പാത പ്രവർത്തനക്ഷമമാകുന്നതോടെ ഐസ്വാളിനും അസമിലെ പ്രധാന നഗരമായ സിൽച്ചാറിനും ഇടയിലുള്ള യാത്രാ സമയം ഏകദേശം ഏഴ് മണിക്കൂറിൽ നിന്ന് മൂന്ന് മണിക്കൂറായി കുറയും. പുതുതായി നിർമിച്ച പാതയിൽ ട്രെയിനുകൾക്ക് മണിക്കൂറിൽ 100 കിലോമീറ്റർ വേഗതയിൽ ഓടാൻ കഴിയും.

മിസോറമിലേക്ക് ഒരു റെയിൽവേ ലൈൻ എന്ന പദ്ധതിക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. തൊണ്ണൂറുകളുടെ അവസാനത്തിലാണ് ബൈറബി- സൈരാങ് പാതയെന്ന ആശയം ആദ്യമായി ഉയരുന്നത്. കൊലാസിബ് ജില്ലയിലെ ബൈറബിയെ ആസാമിലെ സിൽചാറുമായി ബന്ധിപ്പിക്കുന്ന പാതയുടെ ഭാഗമായി 1.5 കിലോമീറ്റർ മീറ്റർഗേജ് ട്രാക്ക് മാത്രമേ സംസ്ഥാനത്ത് മുമ്പ് ഉണ്ടായിരുന്നുള്ളൂ. ഈ പാതയുടെ ഗേജ് മാറ്റത്തിനും സൈരാങ് വരെ നീട്ടുന്നതിനുമുള്ള അനുമതി 2000ൽ ലഭിച്ചു. പക്ഷേ, ഭൂപ്രകൃതിയുടെ സവിശേഷത മൂലം സർവേകൾക്കും ആസൂത്രണത്തിനും വളരെ സമയമെടുത്തു.

മിസോറമിനും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങൾക്കും ഇടയിലുള്ള റെയിൽ നെറ്റ് വർക്കിന്റെ പ്രാധാന്യം മനസിലാക്കി 2008-09 വർഷത്തിൽ അന്നത്തെ യുപിഎ സർക്കാർ ഇതിനെ ദേശീയ പദ്ധതിയായി പ്രഖ്യാപിച്ചു. വടക്കുകിഴക്കൻ തലസ്ഥാനങ്ങളെ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുകയെന്ന ഇന്ത്യൻ റെയിൽവേയുടെ ലക്ഷ്യത്തിന്റെ ഭാഗമായാണ് ഈ പാത അനുവദിച്ചത്.

വെല്ലുവിളി നിറഞ്ഞ ഭൂപ്രകൃതി, ഇടതൂർന്ന വനങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ എന്നിവ കാരണം പ്രാഥമിക സർവേകൾ വൈകി. 2011 ആയപ്പോഴേക്കും പൂർണ സർവേകൾ പൂർത്തിയായി. 2014 നവംബർ 29ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തറക്കല്ലിട്ടുകൊണ്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. 2014-15 ഓടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കി, ഒരു വർഷത്തിനുശേഷം നിർമ്മാണം പൂർണ തോതിൽ ആരംഭിച്ചു.




## 15,000 കോടി സമാഹരിക്കാൻ എൽ.ജി; ഐ.പി.ഒ ഒക്ടോബറിൽ

**മുംബൈ:** ഹ്യൂണ്ടായ്ക്ക് പിന്നാലെ മറ്റൊരു ദക്ഷിണ കൊറിയൻ കമ്പനികൂടി ഐ.പി.ഒയുമായെത്തുന്നു. 15,000 കോടി രൂപ മൂല്യമുള്ള ഓഹരികൾ വിൽക്കാനാണ് കൺസ്യൂമർ ഇലക്ട്രോണിക്സ് സ്ഥാപനമായ എൽജി തയ്യാറെടുക്കുന്നത്. 10.2 കോടി ഓഹരികൾ (15 ശതമാനം) ഓഹരികളാണ് വിറ്റഴിക്കുക.

ഒക്ടോബർ ആദ്യ പകുതിയിൽ ഐ.പി.ഒ പ്രഖ്യാപിച്ചേക്കും. വിപണി സ്ഥിരതയാർജിക്കുന്നതിനായി കാത്തിരിക്കുകയാണെന്നും ഒക്ടോബർ അനുയോജ്യമായ സമയമാണെന്ന് കരുതുന്നതായും ബാങ്കിങ് വൃത്തങ്ങൾ സൂചിപ്പിച്ചു.

മോർഗൻ സ്റ്റാൻലി ഇന്ത്യ, ജെ.പി മോർഗൻ ഇന്ത്യ, ആക്സിസ് ക്യാപിറ്റൽ, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ എന്നിവയാണ് ഐ.പി.ഒയുടെ അണിയറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

2024 ഡിസംബറിലാണ് ഐ.പി.ഒയ്ക്കായി കമ്പനി സെബിയെ സമീപിച്ചത്. മാർച്ചിൽ അനുമതി ലഭിക്കുകയും ചെയ്തു. ഏപ്രിൽ മെയ് മാസങ്ങളിലായി പ്രഖ്യാപിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിലും വിപണിയിലെ ചാഞ്ചാട്ടവും താരിഫ് സംഘർഷങ്ങളും മൂലം മാറ്റിവെയ്ക്കുകയായിരുന്നു.

2025ൽ ഇതുവരെ പ്രാരംഭ ഓഹരി വില്പന വഴി കമ്പനികൾ 60,000 കോടി രൂപയിലേറെയാണ് സമാഹരിച്ചത്. എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസസ് 12,500 കോടി രൂപ നേടി. വരും മാസങ്ങളിൽ 70,000 കോടി രൂപ മൂല്യമുള്ള പ്രരാംഭ ഓഹരി വില്പനയാണ് അണിയറയിലുള്ളത്. ടാറ്റ ക്യാപിറ്റൽ (17,200 കോടി), ഗ്രോവ്, മീഷോ, ഫോൺപേ, ബോട്ട്, വീവർക്ക് ഇന്ത്യ, ലെൻസ്കാർട്ട്, ഷാഡോഫാക്സ്, ഫിസിക്സ് വാല തുടങ്ങിയവയാണ് ഐ.പി.ഒക്ക് തയ്യാറെടുക്കുന്നത്.

## ജിഎസ്ടി ആനുകൂല്യം: കാറുകൾക്ക് വിലകുറയും



**മുംബൈ:** ജിഎസ്ടി പരിഷ്കരണത്തിലൂടെ ലഭിച്ച ആനുകൂല്യം ഉപഭോക്താക്കളിലേക്ക് എത്തിച്ച് കാർ കമ്പനികൾ. ബജറ്റ് ഹാച്ച്ബാക്കുകൾ മുതൽ പ്രീമിയം എസ്‌യുവികൾ വരെ നിരവധി മോഡലുകൾക്കാണ് വൻ വിലക്കുറവ് വന്നിരിക്കുന്നത്.

വിവിധ കമ്പനികളുടെ വിവിധ മോഡലുകൾ പരിഗണിക്കുമ്പോൾ ഉപയോക്താക്കൾക്ക് 65,000 മുതൽ 3.5 ലക്ഷം രൂപ വരെ ലാഭിക്കാൻ കഴിയും.

മാരുതി സുസുക്കി, ടാറ്റ മോട്ടോഴ്സ്, ഹ്യൂണ്ടായ്, മഹീന്ദ്ര, ടൊയോട്ട, സ്കോഡ, റെനോ, കിയ, നിസാൻ തുടങ്ങിയ പ്രമുഖ വാഹന നിർമാതാക്കൾ ഈ നികുതി മാറ്റത്തിന്റെ ഗുണം നേരിട്ട് ഉപയോക്താക്കൾക്കു കൈമാറുന്ന തരത്തിൽ വിലകൾ പുതുക്കിയിട്ടുണ്ട്.

ഇതോടെ ഷോറൂമുകളിൽ അന്വേഷണം വർധിച്ചതായും ബുക്കിംഗ് നീട്ടിവച്ചിരുന്ന നിരവധി ഉപയോക്താക്കൾ ഇപ്പോൾ ഉടൻ കരാറുകൾ പൂർത്തിയാക്കാൻ തയാറാകുന്നതായും റിപ്പോർട്ടുകൾ പറയുന്നു.




## ഐഫോൺ 17 സീരീസ്; സ്മാർട്ട്ഫോണുകൾ പുറത്തിറങ്ങി

**മുംബൈ:** ഐഫോൺ പ്രേമികളുടെ നീണ്ട കാത്തിരിപ്പ് അവസാനിപ്പിച്ച് നിരവധി അപ്ഗ്രേഡുകളും പുതിയ എയർ മോഡലുമായി ഐഫോൺ 17 സീരിസ് ലോഞ്ച് ചെയ്തു.

കഴിഞ്ഞദിവസം ഇന്ത്യൻ സമയം രാത്രി 10.30ന് കലിഫോർണിയയിലെ കുപെർട്ടിനോയിലെ ആപ്പിൾ പാർക്കിൽ നടന്ന ആപ്പിൾ ഇവൻറിലാണ് ഐഫോൺ 17 സീരീസ് ഉൾപ്പെടെയുള്ള ആപ്പിൾ ഉത്പന്നങ്ങൾ പുറത്തിറക്കിയത്.

ആപ്പിളിന്റെ 'Awe dropping' ഇവന്റിൽ ഐഫോൺ 17 സീരീസിൽ അടുത്ത തലമുറ ഐഫോൺ മോഡലുകളായ ഐഫോൺ 17, ഐഫോൺ 17 എയർ, ഐഫോൺ 17 പ്രോ, ഐഫോൺ 17 പ്രോ മാക്സ് എന്നീ നാലു ഫോണുകളാണ് പുറത്തിറക്കിയത്. ഇവയിൽ ഐഫോൺ 17 എയർ 5.6 മില്ലിമീറ്റർ മാത്രം കട്ടിയുമായി ചരിത്രത്തിലെ ഏറ്റവും സ്ലിം ആയ ഐഫോൺ എന്ന ഖ്യാതിയുമായാണ് അവതരിച്ചിരിക്കുന്നത്. 16 സീരീസിലെ പ്ലസ് മോഡലിനു പകരക്കാരനായാണ് ഐഫോൺ 17 എയർ എത്തിയിരിക്കുന്നത്.



ഇതോടൊപ്പം പുതിയ ആപ്പിൾ വാച്ച് എസ്ഇ3, എയർപോഡ്സ് പ്രോ 3 ഉൾപ്പെടെയുള്ള ഡിവൈസുകളും ലോഞ്ച് ചെയ്തിട്ടുണ്ട്. എ19 ചിപ്, എ19 പ്രോ ചിപ്, കാമറ, ബാറ്ററി അപ്ഗ്രേഡുകൾ തുടങ്ങി ഏറെ പുതുമ ഐഫോൺ 17 സീരീസിലെ മോഡലുകൾക്ക് അവകാശപ്പെടാനുണ്ട്. കൂടാതെ എല്ലാ മോഡലുകളും 256 ജിബി സ്റ്റോറേജിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 12ന് വൈകുന്നേരം 5.30 മുതൽ ഐഫോൺ 17 സീരീസിൻറെ പ്രീഓർഡറുകൾ ആരംഭിക്കും, സെപ്റ്റംബർ 19 മുതലാണ് വിൽപന ആരംഭിക്കുക.

# അധ്യാപക അവാർഡ് തുക വർദ്ധിപ്പിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** സംസ്ഥാന അധ്യാപക അവാർഡിന്റെയും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക പുരസ്കാരത്തിന്റെയും തുക വർദ്ധിപ്പിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചു. തിരുവനന്തപുരം ടാഗോർ ഹാളിൽ നടന്ന പരിപാടിയിൽ സംസ്ഥാന അധ്യാപക അവാർഡ് വിതരണം, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക പുരസ്കാര വിതരണം, വിദ്യാരംഗം അധ്യാപക കലാ സാഹിത്യ പുരസ്കാര വിതരണം എന്നിവ നിർവഹിച്ച് സംസാരിക്കുകയായിരുന്നു ശിവൻകുട്ടി.

അധ്യാപക അവാർഡ് തുക 10,000 രൂപയിൽ നിന്ന് 20,000 രൂപയായും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക പുരസ്കാര തുക 10,000 രൂപയിൽ നിന്ന് 25,000 രൂപയായും ഉയർത്തും. ഒരു സ്കൂളിന്റെ വളർച്ചയുടെയും തളർച്ചയുടെയും ഉത്തരവാദിത്തം അധ്യാപകർക്കാണ്. ഓരോ വിദ്യാർത്ഥിയുടെയും ഭാവിയുടെ കാര്യത്തിൽ അധ്യാപകർ രക്ഷിതാക്കളെപ്പോലെ ഉത്തരവാദിത്തം കാണിക്കണം. പുതിയ പദ്ധതികൾ പരിഗണനയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ട്. ഏറ്റവും കൂടുതൽ കുട്ടികളെ പ്രീപ്രൈമറി, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾക്ക് പങ്കെടുപ്പിക്കുന്ന സ്കൂളുകൾക്ക് മുഖ്യമന്ത്രിയുടെ പേരിൽ ഒരു എവറോളിംഗ് ട്രോഫി നൽകുന്ന കാര്യം ആലോചിക്കുന്നുണ്ട്. ഈ ട്രോഫി നേടുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണനയും ലഭിക്കും. അധ്യാപകരുടെ തൊഴിൽപരമായ കാര്യക്ഷമത വിലയിരുത്തുന്നതിനായി എല്ലാ അധ്യാപകർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ.) ഏർപ്പെടുത്തുന്നത് പരിഗണനയിലാണ്. നിലവിൽ പ്രധാനാധ്യാപകർക്ക് മാത്രമാണ് സി.ആർ. ബാധകമായിട്ടുള്ളത്. അധ്യാപക സംഘടനകളുമായി ചർച്ച ചെയ്ത ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകണമെന്നും, നിരന്തര മൂല്യനിർണയത്തിലും പരീക്ഷാ മൂല്യനിർണയത്തിലും കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും മന്ത്രി അധ്യാപകരോട് ആവശ്യപ്പെട്ടു. ജേതാക്കൾക്ക് പുരസ്കാരങ്ങൾ മന്ത്രി സമ്മാനിച്ചു. ആന്റണി രാജു എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി സ്വാഗതമാശംസിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, എസ്.ഐ.ഇ.ടി ഡയറക്ടർ ബി അബുരാജ് എന്നിവർ സംസാരിച്ചു. ചടങ്ങിൽ വിവിധ ഉദ്യോഗസ്ഥരും അധ്യാപക സംഘടനാ പ്രതിനിധികളും വിദ്യാർഥികളും പങ്കെടുത്തു.




# ആഭ്യന്തരവിപണി കൈയടക്കാൻ കഴിയാതെ ഹോർട്ടികോർപ്പ്

**വിഴിഞ്ഞം:** വൻകിട കമ്പനികൾ നൽകുന്നതിനേക്കാൾ വമ്പൻ വിലക്കുറവിൽ വില്പന നടത്തിയിട്ടും ആഭ്യന്തര വിപണി കൈയടക്കാൻ കഴിയാതെ ഹോർട്ടികോർപ്. കഴിഞ്ഞ വർഷം ഏറ്റെടുത്ത അൻപതിനായിരത്തോളം കിലോ തേനും ഇക്കുറി പൂർണമായി വിറ്റഴിക്കാനായില്ല.

തേൻ ശേഖരണം വഴിമുട്ടിയതോടെ കേരളത്തിലെ ആയിരക്കണക്കിനു തേനീച്ച കർഷകർ ദുരിതത്തിലായി. ബാങ്ക് ലോണെടുത്തും പലിശയ്ക്കു പണം വാങ്ങിയും തേനീച്ച വളർത്തുന്ന നിരവധി പേർ നഷ്ടക്കണക്കുകൾ എണ്ണിയിട്ടും നിസാഹയരായി അധികൃതർ. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വൻകിട കമ്പനികൾ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ വിപണി പിടിച്ചടക്കിയതാണ് ഹോർട്ടികോർപിനു വൻ തിരിച്ചടിയായത്. മറ്റ് ഉത്പന്നങ്ങൾക്ക് നൽകുന്ന തരത്തിൽ സർക്കാർ സബ്സിഡി നൽകാതെ വന്നതോടെ തനതു ഫണ്ടിൽനിന്നുള്ള പണം കൊണ്ടാണ് കോർപ്പറേഷൻ കിലോക്ക് 195 രൂപ നിരക്കിൽ തേൻ ശേഖരിച്ചിരുന്നത്. ഏറ്റെടുത്തതിന്റെ വിറ്റഴിക്കൽ കുറഞ്ഞ ഇക്കുറി ശേഖരണം പൂർണമായി സ്തംഭിച്ചതാണ് കർഷകർക്ക് വിനയായത്.

നൂറിൽ കൂടുതൽ തേനിച്ചക്കൂടുകളുള്ള അയ്യായിരത്തോളം കർഷകർ ഹോർട്ടി കോർപിൽ മാത്രം അംഗങ്ങളായുണ്ടെന്നാണറിവ്. ഇതു കൂടാതെ വിവിധ സൊസൈറ്റികളിലും മറ്റുമായി നൂറുകണക്കിനു പേർ വേറെയും അംഗങ്ങളായുണ്ടെന്നും അധികൃതർ പറയുന്നു. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കർഷകർ ശേഖരിക്കുന്ന തേൻ മതിയായ വില നൽകുന്ന സ്ഥാപനങ്ങൾക്ക് ദിവസങ്ങൾക്കുള്ളിൽ വിറ്റഴിക്കുകയാണ് പതിവ്. ഹോർട്ടികോർപിനെ കൂടാതെ ഖാദി ബോർഡ്, മറുനാടൻ സൊസൈറ്റി, ആയൂർവേദ സ്ഥാപനമായ ഔഷധി ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ നേരിട്ടു തേൻ വാങ്ങുന്നതായി കർഷകർ പറയുന്നു.

ഏറ്റെടുക്കുന്ന സ്ഥാപനങ്ങളുടെ വിറ്റഴിക്കലിനനുസരിച്ചുള്ള ശേഖരണവും കർഷകരെ ബാധിക്കുന്നുണ്ട്. പ്രത്യേക രീതിയിൽ പരമാവധി ഒരു വർഷം വരെ സംരക്ഷിക്കാനുള്ള സംവിധാനങ്ങളാണ് കർഷകർക്കുള്ളത്.

നിലവിൽ ശേഖരിച്ച് ആറു മാസം വരെ കഴിഞ്ഞ തേൻ ഇനിയെങ്കിലും അധികൃതർ ഏറ്റെടുത്തില്ലെങ്കിൽ പലരും വലിയ കടക്കെണിയിലാകും. കേരളത്തിൽ ഏറ്റവുമധികം കർഷകരുള്ളത് തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ കോടങ്കരയിലാണെന്ന് അധികൃതർ പറയുന്നു. ഇവിടത്തെ നൂറുകണക്കിന് പേരുടെ ഏക വരുമാനമാണ് തേനിച്ചകൾ. ഡീസൺ കഴിഞ്ഞാൽ ഈച്ചകളുടെ വളർച്ചയ്ക്കായുള്ള ഭക്ഷണത്തിനും സംരക്ഷണത്തിനുമായി ഭാരിച്ച തുക ചിലവഴിക്കേണ്ടിവരുമെന്നും കഷകർ പറയുന്നു. കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള എസ്റ്റേറ്റുകളിലെത്തിക്കുന്ന കൂടുകളിൽ നിന്നുള്ള തേൻ ശേഖരണം കുറഞ്ഞാലും കർഷകർ നഷ്ടത്തിലേക്കു കൂപ്പുകുത്തും. മറ്റു വൻകിട കമ്പനികൾ ശേഖരിച്ചു വിപണിയിൽ ഇറക്കുന്ന തേനിന് ഉപഭോക്താക്കളിൽനിന്ന് വൻ വിലയാണ് ഈടാക്കുന്നത്. ഇവരുടെ മാർക്കറ്റിംഗ് തന്ത്രമാണു വിപണി പിടിച്ചെടുക്കാൻ വഴിയൊരുക്കിയത്.

വൻകിട കമ്പനികൾ തേൻ മാത്രം വിപണിയിൽ ഇറക്കുമ്പോൾ ഹോർട്ടികോർപ് ഏറെ ആരോഗ്യകരമായ ഇഞ്ചി തേൻ, വെളുത്തുള്ളി തേൻ, ഹണികോള എന്നിങ്ങനെയുള്ളവയും നിർമിച്ചിറക്കുന്നുണ്ട്. എന്നാൽ ഇവ ആവശ്യമായ മാർക്കറ്റിംഗ് തന്ത്രത്തിലൂടെ ജനങ്ങളിൽ എത്തിക്കാനുള്ള നടപടിയില്ല താനും. തേൻ വ്യവസായം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സബ് സിഡി നിരക്കിൽ തേനിച്ചക്കൂടുകൾ വിതരണം ചെയ്യുന്ന അധികൃതർക്ക് സബ്സിഡി നിരക്കിൽ തേൻ എടുക്കാൻ നിർവാഹമില്ലാത്തതും വിനയാകുന്നുണ്ട്.

# ജില്ലാ സ്പോർട്സ് കൗൺസിൽ തിരഞ്ഞെടുപ്പ് ഒക്ടോബർ ആറിന്

**കൊച്ചി:** ജില്ലാ സ്പോർട്സ് കൗൺസിൽ തിരഞ്ഞെടുപ്പ് ഒക്ടോബർ ആറിന് നടത്താൻ വിജ്ഞാപനം പുറത്തിറങ്ങി. സെപ്റ്റംബർ 10 മുതൽ 15 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ജില്ലാ വരണാധികാരിയുടെ (അസിസ്റ്റന്റ് രജിസ്ട്രാർ) ഓഫീസിൽ നിന്ന് രാവിലെ 11 മുതൽ അഞ്ചുവരെ നാമനിർദ്ദേശ പത്രിക ലഭിക്കുന്നതാണ്. നാമനിർദ്ദേശ പത്രികകൾ സെപ്റ്റംബർ 16 ന് ഉച്ചയ്ക്ക് രണ്ട് വരെ ജില്ലാ വരണാധികാരിയുടെ ഓഫീസിൽ തപാൽ മുഖേനയോ ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസിൽ വച്ചിട്ടുള്ള പെട്ടിയിലോ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്. 2000 ലെ കേരള സ്പോർട്സ് ആക്ട് പ്രകാരമാണ് ജില്ലകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിനായി വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്. മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും ഒരാൾ വീതവും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ എണ്ണം അൻമ്പതിൽ കുറവാണെങ്കിൽ മൂന്ന് പേരും അൻമ്പതിൽ കൂടുതലാണെങ്കിൽ അഞ്ച് പേർ എന്നിങ്ങനെ പ്രതിനിധികളെ ജില്ലാ സ്പോർട്സ് കൗൺസിലുകളിലേക്ക് തിരഞ്ഞെടുക്കുന്നതിനായാണ് വിജ്ഞാപനം . ഒക്ടോബർ ആറിന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് രണ്ട് വരെയാണ് തിരഞ്ഞെടുപ്പ് നടക്കുക.

# മുതിർന്നവർക്കുള്ള ബിരുദ പഠനം; അപേക്ഷ 16 വരെ

**ആലപ്പുഴ:** സാക്ഷരതാമിഷന്റെ ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് വിജയിച്ച മുതിർന്ന പഠിതാക്കൾക്കുള്ള ബിരുദ പഠനത്തിന് സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വഴി സംസ്ഥാന സാക്ഷരതാ മിഷനാണ് പ്രായമായ പഠിതാക്കളുടെ ബിരുദ പഠനത്തിന് അവസരം നൽകുന്നത്. ആലപ്പുഴ ജില്ലാ പഞ്ചായത്താണ് വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ആദ്യമായി സാക്ഷരതാ മിഷനുമായി ചേർന്ന് ബിരുദപഠന പരിപാടി ഏറ്റെടുത്ത് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷൻ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ നൽകാം.

സോഷ്യോളജി, ബികോം എന്നീ കോഴ്സുകളാണ് നിലവിൽ ആരംഭിക്കുന്നത്. നഗരത്തിലെ പ്രധാന കോളേജിലാണ് ക്ലാസുകൾ നടക്കുക. ഞായറാഴ്ചയും പൊതുഅവധി ദിവസങ്ങളിലുമായിരിക്കും ക്ലാസ്.

ബിപിഎൽ വിഭാഗത്തിൽപ്പെട്ടവരുടെ ഫീസ് ജില്ലാ പഞ്ചായത്ത് നൽകും. എസ് സി, എസ് ടി വിഭാഗത്തിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളികൾക്കും ഫീസ് അടയ്ക്കേണ്ടതില്ല. മറ്റ് വിഭാഗത്തിൽപ്പെട്ടവർ നേരിട്ട് ഫീസ് അടച്ച് പദ്ധതിയുടെ ഭാഗമാകാം.



# വണ്ടർ ഫാൾസിന് ലോക റിക്കാർഡ്

**കൊല്ലം:** ലോകത്തിലെ ഏറ്റവും വലിയ അപ്രത്യക്ഷമാകുന്ന വെള്ളച്ചാട്ടം സൃഷ്ടിച്ചതിനുള്ള ലോക റിക്കാർഡ് വണ്ടർഫാൾസിന്. കൊല്ലം ആശ്രാമം മൈതാനത്ത് 60 അടി ഉയരവും 164 അടി വീതിയുമുള്ള അപ്രത്യക്ഷമാകുന്ന വെള്ളച്ചാട്ടം സൃഷ്ടിച്ചതിനാണ് യുആർഎഫ് (യൂണിവേഴ്സൽ റിക്കാർഡ് ഫോറം) 2025 ലോക റിക്കാർഡിനു വണ്ടർഫാൾസ് അർഹമായിരിക്കുന്നത്.

അപ്രത്യക്ഷമാകുന്ന ഈ വെള്ളച്ചാട്ടത്തിന് 1.5 ലക്ഷം ലിറ്റർ ജലസംഭരണ ശേഷിയും 300 ടൺ മൊത്തത്തിലുള്ള ഘടനാപരമായ ഭാരവുമുണ്ട്. ഈ അതിശയകരമായ നിർമ്മിതി ഒരേസമയം സർഗാത്മകതയുടെയും എൻജിനീയറിംഗിന്റെയും മികവ് സംഗമിക്കുന്ന അത്ഭുതമാണ്.

ആർ. ശ്യാംകുമാറും മറ്റു സാങ്കേതിക വിദഗ്ദ്ധരും ചേർന്നു സൃഷ്ടിച്ച ഈ പദ്ധതി, 630 ൽ അധികം മണിക്കൂറുകൾ കൊണ്ട് 100 തൊഴിലാളികളുടെ സമർപ്പിത പരിശ്രമത്തിലൂടെയാണ് പൂർത്തീകരിച്ചത്.

ലോക റിക്കാർഡിന് ഇക്കാര്യങ്ങളാണ് പരിഗണിച്ചതെന്ന് യു ആർ എഫ് അധികൃതർ അറിയിച്ചു. ഇന്നേവരെ കൊല്ലം കണ്ടിട്ടില്ലാത്തത്ര ജനസാഗരം സൃഷ്ടിച്ചുകൊണ്ടാണ് അപ്രത്യക്ഷമാകുന്ന വെള്ളച്ചാട്ടം മുന്നേറുന്നത്. 30 വരെ പ്രദർശനം ഉണ്ടായിരിക്കും.



# താമരശ്ശേരി ചുരം മണ്ണിടിച്ചിൽ എൻഐടി വിദഗ്ധ സംഘം പരിശോധന നടത്തി

**കോഴിക്കോട്:** താമരശ്ശേരി ചുരം റോഡിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ നിർദേശപ്രകാരം എൻഐടിയിലെ വിദഗ്ധ സംഘം പരിശോധന നടത്തി. എൻഐടി സിവിൽ വിഭാഗം പ്രൊഫസർ സന്തോഷ് ജി തമ്പി, അസി. പ്രൊഫസർമാരായ പ്രദീക് നേഗി, അനിൽ കുമാർ, റിസർച്ച് ഫെലോ മനു ജോർജ് എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്. മണ്ണിടിച്ചിലുണ്ടായ പ്രദേശത്തിന്റെയും സമീപ പ്രദേശങ്ങളുടെയും ദൃശ്യങ്ങൾ ഡ്രോൺ ഉപയോഗിച്ചുള്ള റിയൽ ടൈം കൈനമാറ്റിക് സർവേയിലൂടെ സംഘം ശേഖരിച്ചു. ഇവ ഉപയോഗിച്ച് നിർമിക്കുന്ന ത്രിമാന ദൃശ്യങ്ങളിലൂടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന മണ്ണിടിച്ചിൽ സാധ്യത, ഭൂമിയുടെ സ്വഭാവം, ആഘാത സാധ്യത തുടങ്ങിയ കാര്യങ്ങൾ കണ്ടെത്താൻ സാധിക്കുമെന്ന് ഡോ. സന്തോഷ് ജി തമ്പി പറഞ്ഞു. ഇനിയും പാറ ഇടിയാനുള്ള സാധ്യത പരിശോധിക്കുന്നുണ്ട്. പ്രാഥമിക പരിശോധനാ റിപ്പോർട്ട് ജില്ലാ കലക്ടർക്ക് നൽകും. പരിശോധന വിവരങ്ങൾ വിശകലനം ചെയ്ത ശേഷം ആവശ്യമെങ്കിൽ പ്രദേശത്ത് ജിപിആർ (ഗ്രൗണ്ട് പെനട്രേറ്റിങ് റഡാർ) പരിശോധന നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഓഗസ്റ്റ് 26നാണ് താമരശ്ശേരി ചുരത്തിലെ ഒമ്പതാം വളവിൽ മണ്ണിടിച്ചിലുണ്ടായത്. തുടർന്ന് ദിവസങ്ങളോളം ചുരത്തിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കലക്ടർ എം രേഖ, പിഡബ്ല്യൂഡി എൻ എച്ച് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ വി സുജീഷ്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിധിൽ ലക്ഷ്മണൻ, അസി. എഞ്ചിനീയർ എം സലീം, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ എം രാജീവ്, ഹസാർഡ് അനലിസ്റ്റ് പി അശ്വതി എന്നിവരും പരിശോധനയിൽ പങ്കെടുത്തു.

# ഭിന്നശേഷിക്കാരുടെ വോട്ടവകാശം ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ: തെരഞ്ഞെടുപ്പ് കമ്മീഷണർ

**തിരുവനന്തപുരം:** തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളെയും പൂർണ്ണമായി ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അഭിപ്രായപ്പെട്ടു. കേരള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് പങ്കാളിത്തം എന്ന ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് വോട്ടവകാശം ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. ദേശീയതലത്തിൽ 23 ശതമാനം വരുന്ന ഭിന്നശേഷി വിഭാഗത്തിന് തിരഞ്ഞെടുപ്പിൽ സുഗമമായി പങ്കെടുക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി സുപ്രീം കോടതിയുടെ പിന്തുണയടക്കം ലഭിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് കമ്മീഷൻ, സർക്കാരുകൾ, സന്നദ്ധ സംഘടനകൾ എന്നിവ ഈ ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കുന്നു. 18 വയസ്സ് പൂർത്തിയാകുമ്പോൾ തന്നെ ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ രജിസ്ട്രേഷൻ പൂത്തിയാക്കി വോട്ടിംഗ് പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തി വരുന്നത്.

ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തി സാർവത്രിക വോട്ടവകാശമാണ്. അർഹരായ ഒരാൾ പോലും വോട്ടർപട്ടികയിൽ നിന്ന് വിട്ടുപോകാതിരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രതിജ്ഞാബദ്ധമാണെന്നും വ്യക്തമാക്കി. 18 വയസ് പൂർത്തിയായ എല്ലാവരെയും വോട്ടർമാരായി രജിസ്റ്റർ ചെയ്യാനുള്ള പ്രചാരണങ്ങൾ ശക്തമായി നടക്കുന്നുണ്ട്. 1951-52 കാലയളവിൽ വിവിധ പരിമിതികളെ മറികടന്ന് തെരഞ്ഞെടുപ്പ് പ്രകിയയുടെ ഭാഗമായവരാണ് ഇന്ത്യൻ ജനത. ജനാധിപത്യത്തിലെ ഏറ്റവും ശക്തമായ ആയുധമെന്ന നിലയിൽ ഉചിതരായ ജനപ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള അവസരം എല്ലാ വിഭാഗം ജനങ്ങളും ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഭിന്നശേഷി വിഭാഗത്തെ സംബന്ധിച്ച് ശിൽപശാലയിലെ വിവിധ പാനൽ ചർച്ചകളിൽ ഉണ്ടാകുന്ന നിർദേശങ്ങളും ശുപാർശകളും ഗൗരവമായി പരിഗണിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഡോ. രത്തൻ യു കേൽക്കൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. സമ്പൂർണമായ ഭിന്നശേഷി പ്രാതിനിധ്യം തെരഞ്ഞെടുപ്പിൽ ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.

ശിൽപശാലയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് കമ്മീഷണർ ഡോ. പി.ടി. ബാബുരാജ് എന്നിവർ പങ്കെടുത്തു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് മുൻ കമ്മീഷണർ പഞ്ചാപകേശൻ മുഖ്യപ്രഭാഷണം നടത്തി.

## അറിയിപ്പുകൾ

### അധ്യാപക നിയമനം

**കോഴിക്കോട്:** കൽപ്പറ്റ എൻ.എം.എസ്.എം ഗവ. കോളേജിൽ മാസ് കമ്യൂണിക്കേഷൻ വിഭാഗത്തിൽ അധ്യാപക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കോഴിക്കോട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത, മാസ് കമ്യൂണിക്കേഷൻ/ജേർണലിസം വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റ്, പി.എച്ച്.ഡി യോഗ്യതയുമുള്ളവർക്ക് അപേക്ഷിക്കാം. ബയോഡേറ്റയും യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം സെപ്റ്റംബർ 12ന് രാവിലെ 11ന് കൂടിക്കാഴ്ചക്കെത്തണം. ഫോൺ: 04936 204569.

### സ്പോർട്സ് കിറ്റിന് അപേക്ഷിക്കാം

**കോഴിക്കോട്:** കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലെ മേരാ യുവ ഭാരതിൽ (നെഹ്റു യുവകേന്ദ്ര) അഫിലിയേറ്റ് ചെയ്ത ജില്ലയിലെ യൂത്ത് ക്ലബുകൾക്കുള്ള സ്പോർട്സ് കിറ്റിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 20. ഫോൺ: 04952371891, 9447752234.

### സ്പോട്ട് അഡ്മിഷൻ

**കോഴിക്കോട്:** കോഴിക്കോട് ഗവ. പോളിടെക്നിക് കോളേജിലെ റെഗുലർ/ലാറ്ററൽ ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിനുള്ള അവസാനഘട്ട സ്പോട്ട് അഡ്മിഷൻ നാളെ (സെപ്റ്റംബർ 12) നടക്കും. ഒഴിവുകളുടെ വിവരങ്ങൾ polyadmission.org ലെ Vacancy Position എന്ന ലിങ്കിൽ ലഭിക്കും. വിവരങ്ങൾക്ക് polyadmission.org സന്ദർശിക്കാം. ഫോൺ: 04952383924, 9544814637, 9940291794. (റെഗുലർ അഡ്മിഷൻ), 9895039453, 9400667236 (ലാറ്ററൽ എൻട്രി അഡ്മിഷൻ).

### സ്പോട്ട് അഡ്മിഷൻ

വടകര എഞ്ചിനീയറിങ് കോളേജിൽ ഒഴിവുള്ള ഒന്നാം വർഷ ബി.ടെക് (എൻ.ആർ.ഐ ഉൾപ്പെടെ), എംസിഎ സീറ്റുകളിലേക്ക് സെപ്റ്റംബർ 12ന് സ്പോട്ട് അഡ്മിഷൻ നടത്തും. ബി.ടെക്ക് കോഴ്സിന് എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും , എംസിഎക്ക് എൽബിഎസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും പങ്കെടുക്കാം. സർട്ടിഫിക്കറ്റുകളുമായി രാവിലെ 10ന് കോളേജിലെത്തണം. ഫോൺ: 9446848483, 9847841673.

### വയർമാൻ പരിശീലനം

**കോഴിക്കോട്:** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസ് ബോർഡ് നടത്തിയ വയർമാൻ പരീക്ഷ 2024 പാസായ കോഴിക്കോട് ജില്ലയിലുള്ളവർക്ക് സെപ്റ്റംബർ 15ന് രാവിലെ 9.30 മുതൽ വൈകീട്ട് അഞ്ച് വരെ കോഴിക്കോട് താലൂക്ക് കോൺഫറൻസ് ഹാളിൽ ഏകദിന പരിശീലനം സംഘടിപ്പിക്കും. അറിയിപ്പ് ലഭിക്കാത്തവർ കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടണം. ഫോൺ: 0495 2950002.

### അപേക്ഷ ക്ഷണിച്ചു

നാഷണൽ ട്രസ്റ്റ് ആക്ട് 1999ന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാർക്ക് (ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഒരു ലക്ഷം രൂപ വരെ ചികിത്സ സഹായം നൽകുന്ന നിരാമയ ഇൻഷുറൻസ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സാമൂഹിക നീതി വകുപ്പിന്റെ സുനീതി പോർട്ടൽ വഴി (suneethi.sjd.kerla.gov.in) സമർപ്പിക്കാം. വിശദ വിവരങ്ങൾ sjd.kerla.gov.in ൽ ലഭിക്കും.

### ഫീ കലക്ടർ നിയമനം

**കോഴിക്കോട്:** ബേപ്പൂർ ഫിഷിങ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് കീഴിൽ വിവിധ തരം ഫീസുകൾ പിരിച്ചെടുക്കാൻ ദിവസവേതനത്തിൽ നിയമനം നടത്തും. യോഗ്യത: എസ്എസ്എൽസി പാസ്. ഫീ കലക്ഷൻ മേഖലയിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. അഭിമുഖം സെപ്റ്റംബർ 15ന് രാവിലെ 10.30ന് ബേപ്പൂർ ഫിഷറീസ് അസി. ഡയറക്ടറുടെ ഓഫീസിൽ നടക്കും. ഫോൺ: 0495 2383780.

### പോളിടെക്നിക് പ്രവേശനം

**കോഴിക്കോട്:** കോഴിക്കോട് ഗവ. വനിതാ പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ്, കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചുകളിലെ ഒഴിവുള്ള സീറ്റുകളിൽ സെപ്റ്റംബർ 15 വരെ നേരിട്ടെത്തി പ്രവേശനം നേടാം. ഇതുവരെ അപേക്ഷിക്കാത്തവർക്കും അവസരമുണ്ടാകും. സർട്ടിഫിക്കറ്റുകളും ഫീസും (ഡിജിറ്റൽ പെയ്മെന്റ് മാത്രം) കരുതണം. വിശദ വിവരങ്ങൾ www.polyadmission.org ൽ ലഭ്യമാണ്. ഫോൺ: 0495 2370714.

### ഹയർസെക്കൻഡറി തുല്യത പരീക്ഷാ ഫലം

**കോഴിക്കോട്:** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ 2025 ജൂലൈയിൽ നടത്തിയ ഹയർ സെക്കൻഡറി തുല്യത രണ്ടാം വർഷ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഒന്നാം വർഷം, ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലവും ലഭ്യമാണ്. രജിസ്ട്രേഷൻ നമ്പർ, ജനന തീയതി എന്നിവ നൽകി ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ പോർട്ടൽ വഴി ഫലം പരിശോധിക്കാമെന്ന് സാക്ഷരതാ മിഷൻ ജില്ലാ കോ-ഓഡിനേറ്റർ പി വി ശാസ്തപ്രസാദ് അറിയിച്ചു.

# ദേശീയപാത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സാങ്കേതിക കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ ദേശീയപാതാ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ദേശീയപാതയുമായി ബന്ധപ്പെട്ട് ചേർന്ന റിവ്യൂ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ദേശീയപാത അതോറിറ്റി പൊതുവിൽ നല്ല പ്രവർത്തനമാണ് കാഴ്ചവെക്കുന്നതെങ്കിലും ചില മേഖലകളിൽ സ്തംഭനമുണ്ടെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വടകര, തുറവൂർ, തിരുവനന്തപുരം ഉൾപ്പെടെ ചില സ്ഥലങ്ങളിലെങ്കിലും പ്രവൃത്തി മന്ദഗതിയിലാണ്. മെല്ലെപ്പോക്ക് നടത്തുന്ന കരാറുകാർക്കെതിരെ കർശന നടപടിയിലേക്ക് നീങ്ങണമെന്ന് മുഖ്യമന്ത്രി ദേശീയപാത അധികൃതരോട് ആവശ്യപ്പെട്ടു.

കണ്ണൂർ ജില്ലയിലെ നടാലിൽ ബസുകൾക്ക് കൂടി സഞ്ചരിക്കുന്ന വിധത്തിൽ അടിപ്പാത നിർമ്മിക്കേണ്ടതുണ്ട്. അവിടെ ബസ് ഉടമകൾ മാത്രമല്ല നാട്ടുകാരും പ്രതിഷേധത്തിലാണ്. ചാല വരെ സഞ്ചരിച്ച് ബസ് തിരിച്ചു വരേണ്ടി വരുന്ന അവസ്ഥയാണ്. ഇത് പ്രത്യേക കേസായി പരിഗണിച്ച് നടപടി സ്വീകരിക്കണം.

നിർമ്മാണ പ്രവൃത്തിക്ക് തടസമുണ്ടാകരുത്. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ ബന്ധപ്പെട്ട ജില്ലാകളക്ടറും പോലീസ് മേധാവിയും മുൻകൈയെടുക്കണം. കേരളത്തിന്റെ ഭൂമി ശാസ്ത്രവും ജനസാന്ദ്രതയും കണക്കിലെടുത്തു വേണം പ്രവൃത്തികൾ നടത്താനെന്നും മുഖ്യമന്ത്രി പറഞ്ഞു. ആർബിട്രേഷൻ സമയബന്ധിതമായി തീർക്കാനുള്ള നടപടികൾ സ്വീകരിക്കണം.

17 സ്ട്രച്ചുകളിലായി മൊത്തം 642 കിലോമീറ്റർ റോഡിന്റെ പൂർത്തീകരണ തിയതിയും യോഗത്തിൽ ചർച്ചയായി. 480 കിലോമീറ്റർ 2025 ഡിസംബറോടെ പൂർത്തിയാകും. ആകെ 560 കിലോമീറ്റർ 2026 മാർച്ചിലും പൂർത്തിയാകും. കാസർകോട് ജില്ലയിൽ 83 കിലോമീറ്ററിൽ 70 കിലോമീറ്റർ പൂർത്തിയായി. കണ്ണൂർ 65 ൽ 48 കി.മീ, കോഴിക്കോട് 69 ൽ 55 കി.മീ, മലപ്പുറം 77 ൽ 76 കി.മീ, തൃശ്ശൂരിൽ 62 ൽ 42 കി.മീ, എറണാകുളം 26 ൽ 9 കി.മീ, ആലപ്പുഴ 95 ൽ 34 കി.മീ, കൊല്ലം 56 ൽ 24 കി.മീ, തിരുവനന്തപുരം 30 കിലോമീറ്ററിൽ 5 കി.മീ എന്നിങ്ങനെയാണ് പ്രവൃത്തി പുരോഗതി.

യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്, വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പൊലീസ് മേധാവി റവാഡ ചന്ദ്രശേഖർ, പിഡബ്ല്യുഡി സെക്രട്ടറി കെ ബിജു, ജില്ലാകളക്ടർമാർ, ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ കേണൽ എ കെ ജാൻബാസ് തുടങ്ങിയവർ പങ്കെടുത്തു.




റോട്ടറി ക്ലബ് ഓഫ് കൊച്ചി ലോർഡ്സ് ആഭിമുഖ്യത്തിൽ റോട്ടറി വേവ്സ് ടാലെൻറ് ഹണ്ട് കാംപിയൻ സ്കൂൾ ഇടപ്പള്ളിയിൽ വച്ച് സങ്കടിപ്പിച്ചു. റോട്ടറി അസിസ്റ്റന്റ് ഗവർണർമാരായ Rtn. പ്രഹർഷ് ആർ ജെ & Rtn.രാകേഷ് , Rtn. ഡോ. കെ.വി തോമസ് - കാംപിയൻ സ്കൂൾ ഡയറക്ടർ, Rtn. ലീലാമ്മ തോമസ് - സീനിയർ പ്രിൻസിപ്പൽ കാംപിയൻ സ്കൂൾ, റോട്ടറി ക്ലബ് ഓഫ് കൊച്ചി ലോർഡ്സ് പ്രസിഡന്റ് Rtn.ജോജി ഗീവർഗീസ്, സെക്രട്ടറി Rtn.വിഷ്ണു ദാസ് എന്നിവർ സമ്മാനദാന ചടങ്ങ് നിർവഹിച്ചു.



## കന്നിമാസ പൂജകൾക്കായി ശബരിമലനട 16ന് തുറക്കും

**ശബരിമല:** കന്നിമാസ പൂജകൾക്കായി അയ്യപ്പ ക്ഷേത്രം 16ന് തുറക്കും. വൈകിട്ട് 5ന് തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺ കുമാർ നമ്പൂതിരിയാണ് നട തുറക്കുന്നത്. തുടർന്നു ഭക്തർക്കു ദർശനത്തിന് അവസരം ലഭിക്കും. 17 മുതൽ 21 വരെയാണ് കന്നിമാസ പൂജ. എല്ലാ ദിവസവും ഉദയാസ്തമനപൂജ, പടിപൂജ, കളഭാഭിഷേകം, പുഷ്പാഭിഷേകം എന്നിവ ഉണ്ടാകും. പൂജകൾ പൂർത്തിയാക്കി 21ന് രാത്രി 10ന് നട അടയ്ക്കും.

ആഗോള അയ്യപ്പ സംഗമം പ്രമാണിച്ച് 19നും 20നും വെർചൽ ക്യൂവിലും സന്നിധാനത്ത് മുറികൾ അനുവദിക്കുന്നതിലും അപ്രഖ്യാപിത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണ മാസപൂജയ്ക്കു പ്രതിദിനം 50,000 പേർക്കാണ് ദർശനത്തിനുള്ള വെർചൽ ക്യൂ അനുവദിക്കുന്നത്.

അയ്യപ്പ സംഗമത്തിൽ പങ്കെടുക്കാൻ എത്തുന്നവർക്ക് ദർശനത്തിനുള്ള സൗകര്യം ഒരുക്കുമെന്നു ദേവസ്വം ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ ഇവർക്കു താമസിക്കുന്നതിനായി സന്നിധാനത്തെ എല്ലാ മുറികളും ഒഴിച്ചിട്ടിരിക്കുകയാണ്. ദർശനത്തിനു 19നും 20നും വെർചൽ ക്യൂ ബുക്കു ചെയ്യാൻ ശ്രമിക്കുന്നവർക്ക് ഒരു സ്ലോട്ടും ലഭിക്കുന്നില്ല. അതേസമയം വെർചൽ ക്യൂവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെന്നാണു ദേവസ്വം ബോർഡിന്റെ വിശദീകരണം.

## മലയോരത്തെ വന്യജീവിശല്യം ലഘൂകരിക്കാൻ ജാഗ്രതാസമിതി

**കല്ലടിക്കോട്:** മലയോര കർഷകർക്ക് കാട്ടാനയുൾപ്പടെയുള്ള വന്യജീവികളിൽ നിന്നുള്ള ശല്യം ലഘൂകരിക്കുന്നതിനായി വനാതിർത്തികളുള്ള പഞ്ചായത്തുകളിൽ പ്രത്യേക ജനജാഗ്രതാ സമിതികൾ രൂപീകരിക്കും.

ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വന്യജീവിശല്യം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് സജ്ജമാക്കും.

വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് കടക്കുന്നതു തടയുന്നതിനായി വനംവകുപ്പ് സ്റ്റേഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിൽ പ്രൈമറി റെസ്ക്യൂടീം രൂപീകരിച്ച് ഇതിനുള്ള പ്രത്യേക പരിശീലനം നൽകും. പഞ്ചായത്തുകളുടെ സഹായത്തോടെ വനാതിർത്തികളിൽ വൈദ്യുത വേലികളും പ്രകൃതിദത്തമായ പ്രതിരോധ മാർഗങ്ങളും നടപ്പാക്കും. ജനകീയ പങ്കാളിത്തത്തോടെയുള്ള വിവിധങ്ങളായ കർമപദ്ധതികളാകും ജനജാഗ്രതാ സമിതികളിലൂടെ നടപ്പാക്കുക.

കരിമ്പ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ജനജാഗ്രതാ സമിതിയുടെ പ്രാരംഭയോഗം ശിരുവാണി ശിങ്കപ്പാറ ഫോറസ്റ്റ് സ്റ്റേഷനിൽ പഞ്ചായത്ത് പ്രസിഡൻറ് പി.എസ്. രാമചന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്നു. ജനപ്രതിനിധികളും വനംവകുപ്പ് കർഷക പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ഇംബ്രാസ് എലിയാസ് നവാസ്, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ കെ. മനോജ്, കല്ലടിക്കോട് സ്റ്റേഷൻ ഫോറസ്റ്റ് ഓഫീസർ എം. കിത്തലൻ, പാലക്കയം സ്പെഷൽ വില്ലേജ് ഓഫീസർ അബ്ബാസ് അലി എന്നിവർ പ്രസംഗിച്ചു.




# വിഴിഞ്ഞം തുറമുഖത്തിന് കസ്റ്റംസ് അനുമതിയായി

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള ആഭ്യന്തര കയറ്റിറക്കുമതിക്കുള്ള (എക്സിം കാർഗോ) കസ്റ്റംസ് അനുമതിയായി. കേന്ദ്ര ധനകാര്യ വകുപ്പിന്റെ കീഴിലുള്ള കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസാണ് പ്രാഥമിക അനുമതി നൽകിയിരിക്കുന്നത്. മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി കൊച്ചിയിലെ കസ്റ്റംസ് കമ്മിഷണറേറ്റിൽനിന്ന് അന്തിമ അനുമതിയും ഉടൻതന്നെ ലഭിക്കും. അദാനി വിഴിഞ്ഞം തുറമുഖ കമ്പനിക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

ഇതോടെ വിഴിഞ്ഞം തുറമുഖംവഴി രാജ്യത്തിനുള്ളിലേക്കും പുറത്തേക്കുമുള്ള കയറ്റിറക്കുമതി ആരംഭിക്കാൻ കഴിയും. അനുമതി ലഭിച്ചതോടെ രാജ്യത്തെ വിവിധ തുറമുഖങ്ങളിൽ പ്രവർത്തിക്കുന്ന കസ്റ്റംസ് ബ്രോക്കിങ് കമ്പനികൾ വിഴിഞ്ഞത്ത് ഓഫീസ് തുടങ്ങും. ഈ കമ്പനികൾ വഴിയായിരിക്കും കയറ്റിറക്കുമതികൾ നടക്കുക. വിഴിഞ്ഞത്ത് തുറമുഖത്തോടുചേർന്ന് പോർട്ട് യൂട്ടിലിറ്റി ബിൽഡിങ്ങിൽ കസ്റ്റംസ് ഓഫീസ് നേരത്തേ പ്രവർത്തനം തുടങ്ങിയിരുന്നു.

തുറമുഖത്തുനിന്ന് ദേശീയ പാതയിലേക്കുള്ള റോഡ് നിർമാണം പൂർത്തിയാകാത്തതിനാൽ ആഭ്യന്തര കയറ്റുമതി ഇപ്പോൾ ആരംഭിക്കാനാകില്ല. കൂടാതെ സർവീസ് റോഡുകളും വീതികൂട്ടിയാലേ കണ്ടെയ്നറുകൾക്ക് ദേശീയപാതയിലേക്കു പ്രവേശിക്കാനാകൂ. ഡിസംബറിൽ റോഡ് പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. ഒക്ടോബറിൽ പരീക്ഷണാടിസ്ഥാനത്തിൽ നിലവിലെ റോഡുകൾ വഴി ആഭ്യന്തര കയറ്റിറക്കുമതി തുടങ്ങാനാണ് അദാനി ഗ്രൂപ്പിന്റെ നീക്കം. ആദ്യഘട്ടത്തിൽ തുറമുഖത്തോടുചേർന്നുള്ള മുല്ലൂർ റോഡ് വഴി രാത്രികണ്ടെയ്നർ നീക്കം സാധ്യമാകുമോയെന്നാകും പരിശോധിക്കുക.




# അസ്ഥി ക്യാൻസർ ശസ്ത്രക്രിയകൾ: ചരിത്രനേട്ടവുമായി വിപിഎസ് ലേക്ഷോർ

## രണ്ട് വർഷത്തിനുള്ളിൽ 100 ശസ്ത്രക്രിയകൾ

**കൊച്ചി:** രണ്ട് വർഷത്തിനുള്ളിൽ 100 വിജയകരമായ ശസ്ത്രക്രിയകൾ എന്ന ചരിത്രനേട്ടവുമായി വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ ബോൺ ആൻഡ് സോഫ്റ്റ് ടിഷ്യു കാൻസർ ക്ലിനിക്ക്. അസ്ഥികളെയും സോഫ്റ്റ് ടിഷ്യുകളെയും ബാധിക്കുന്ന അപൂർവവും സങ്കീർണ്ണവുമായ ക്യാൻസറുകളുടെ ചികിത്സയിൽ ഒരു നാഴികക്കല്ലാണ് ഈ നേട്ടം. അസ്ഥി ക്യാൻസർ ചികിത്സയുടെ ഭാഗമായി ഇത്രയും ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയധികം വിജയകരമായ ശസ്ത്രക്രിയകൾ നടത്തിയ ചുരുക്കം ആശുപത്രികളിൽ ഒന്നാണ് വിപിഎസ് ലേക്ഷോർ. വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള, ഓർത്തോപീഡിക്സ് മേധാവി ഡോ. ജേക്കബ് വർഗീസ്, ക്ലിനിക്കിന് നേതൃത്വം നൽകുന്ന കൺസൾട്ടന്റ് ഓർത്തോപീഡിക് ഓങ്കോളജിസ്റ്റ് ഡോ. എബിൻ റഹ്മാൻ, സിഇഒ ജയേഷ് വി നായർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു. അസ്ഥിയിലെ ക്യാൻസർ അപൂർവമാണെങ്കിലും കുട്ടികളിലും കൗമാരക്കാരിലും ഇത് കൂടുതലായി കാണപ്പെടുന്നുണ്ടെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. എന്നാൽ രോഗത്തെക്കുറിച്ചുള്ള അവബോധം ഇപ്പോഴും കുറവാണ്. പല മാതാപിതാക്കളും സ്ഥിരമായ വേദനയെ വളർച്ചയുടെ ഭാഗമായി വരുന്ന വേദന എന്ന് കരുതി പലപ്പോഴും ലക്ഷണങ്ങൾ തള്ളിക്കളയുന്നു. ഇത് രോഗനിർണയം വൈകിപ്പിക്കുന്നു. ക്യാൻസർ അസ്ഥിയെയും ബാധിക്കുമെന്നതിനെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് അവബോധം കുറവാണ്. വിശദീകരിക്കാനാകാത്ത വേദന, വീക്കം അല്ലെങ്കിൽ മുഴ എന്നിവ കാലതാമസമില്ലാതെ പരിശോധിക്കണമെന്ന് ഡോ. റഹ്മാൻ പറഞ്ഞു.

അസ്ഥിയിലെ ട്യൂമർ സങ്കീർണ ഘട്ടങ്ങളിൽ എത്തുമ്പോൾ ആംപ്യൂട്ടേഷൻ (അംഗഛേദം/ അവയവം മുറിച്ചുമാറ്റൽ) മാത്രമായിരുന്നു ഏതാനും വർഷങ്ങൾ മുൻപ് വരെ ഏക ചികിത്സാ മാർഗം. വിപിഎസ് ലേക്ഷോറിൽ ആംപ്യൂട്ടേഷൻ ഒഴിവാക്കിയുള്ള വിപുലമായ നൂതന ചികിത്സാ മാർഗങ്ങൾ രോഗികൾക്ക് ഇപ്പോൾ ലഭ്യമാണ്. ചില കേസുകളിൽ ക്യാൻസർ ബാധിച്ച അസ്ഥി നീക്കം ചെയ്ത് ശരീരത്തിന് പുറത്തെടുത്ത് ഉയർന്ന അളവിലുള്ള റേഡിയേഷൻ ഉപയോഗിച്ച് അണുവിമുക്തമാക്കി വീണ്ടും ഇംപ്ലാന്റ് ചെയ്യാനും കഴിയും. ഇത് രോഗികൾക്ക് സ്വന്തം അസ്ഥി നിലനിർത്താനും ചലനശേഷി വീണ്ടെടുക്കാനും അവയവം നഷ്ടപ്പെടുന്നതിന്റെ ആഘാതമില്ലാതെ ജീവിതം തുടരാനും അനുവദിക്കുന്നു. ചെറുപ്പക്കാരായ രോഗികൾക്ക് ഇത് നൽകുന്ന ആശ്വാസം ചെറുതല്ലെന്ന് ഡോ. റഹ്മാൻ കൂട്ടിച്ചേർത്തു.

100 ശസ്ത്രക്രിയകളിൽ ദീർഘവും സങ്കീർണ്ണവുമായ നിരവധി അപൂർവ സാർക്കോമ കേസുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഡോ. ജേക്കബ് വർഗീസ് പറഞ്ഞു.

ഞരമ്പുകൾ, പേശികൾ, സന്ധികൾ, കൊഴുപ്പ്, രക്തക്കുഴലുകൾ, എല്ലുകൾ തുടങ്ങി ശരീരത്തെ ബന്ധിപ്പിച്ച് നിർത്തുന്ന കോശങ്ങളെയാണ് (കണക്ടീവ് ടിഷ്യൂ) സർക്കോമ ബാധിക്കുന്നത്. ഓർത്തോപീഡിക് ഓങ്കോളജിയിൽ വിപിഎസ് ലേക്ഷോറിന്റെ വളർന്നുവരുന്ന വൈദഗ്ദ്ധ്യത്തിന് തെളിവാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ബോൺ, സോഫ്റ്റ് ടിഷ്യൂ ക്യാൻസർ ചികിത്സയ്ക്കായി രോഗികൾക്ക് ഇനി കേരളത്തിന് പുറത്തേക്ക് യാത്ര ചെയ്യേണ്ടതില്ല. ഈ നേട്ടത്തോടെ, കൊച്ചിയിൽ തന്നെ നൂതന ക്യാൻസർ ചികിത്സ ലഭ്യമാണെന്ന് ഞങ്ങളുടെ ഡോക്ടർമാർ തെളിയിച്ചുവെന്ന് മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള ചൂണ്ടിക്കാട്ടി.

# ഓണാഘോഷത്തിൽ ഹിറ്റായി 'ഓണം മൂഡ്' ഗാനം

**കൊച്ചി:** ഏത് മൂഡ് അത്തം മൂഡ്, ഏത് മൂഡ് പൂക്കളം മൂഡ്.. ഓണാഘോഷത്തിന് തിരശീല വീണപ്പോൾ ഇത്തവണ ഓണവുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയ റീൽസുകളും വാട്സ്ആപ്പ് സ്റ്റാറ്റസുകളും അടക്കിവാണത് സരിഗമയുടെ ഓണം മൂഡ് ഗാനം. കേരളത്തിൽ മാത്രമല്ല ലോകമെമ്പാടുമുള്ള മലയാളികളുടെ ആഘോഷത്തിന്റെ ഒരു ഭാഗം കൂടിയായി 'പറ പറ പറപറക്കണ പൂവേ പൂവേ' എന്ന് തുടങ്ങുന്ന ഈ ഗാനം മാറി. സാഹസം എന്ന സിനിമയിലെ തങ്ങളുടെ ഹിറ്റ് ഗാനമായ ഓണം മൂഡ് ഗാനം, ഈ വർഷത്തെ ഓണം ഗാനങ്ങളിലെ ഏറ്റവും വലിയ ഹിറ്റായി മാറിയതായി ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ മ്യൂസിക് ലേബലും, മുൻനിര സംഗീതവിനോദ കമ്പനിയുമായ സരിഗമ അറിയിച്ചു. കേരളത്തിലും പുറത്തുമുള്ളവരുടെ ഹൃദയങ്ങൾ കീഴടക്കിയ ഗാനം സ്പോട്ടിഫൈ ഉൾപ്പെടെയുള്ള ചാർട്ടുകളിലും മുന്നിലെത്തി. ഓണത്തിന് മുന്നോടിയായി പുറത്തിറങ്ങിയ ഈ ഗാനം വിനായക് ശശികുമാർ ആണ് എഴുതിയത്. ബിബിൻ അശോകാണ് സംഗീതം നൽകിയിരിക്കുന്നത്. ഫെജോ, ഹിംന ഹി




ലരി, ഹിനിത ഹിലരി എന്നിവരാണ് ഗാനം ആലപിച്ചിരിക്കുന്നത്. ആകർഷകമായ താളവും ആഘോഷപരമായ വരികളുമാണ് ഈ പാട്ടിനെ ദശലക്ഷക്കണക്കിന് ആളുകളിലേക്ക് എത്തിച്ചതും, ഓണാഘോഷങ്ങളുടെ അവിഭാജ്യഘടകമായി മാറ്റിയതും.

ഓണം മൂഡ് ഗാനത്തിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോ യൂട്യൂബിൽ 24 ദശലക്ഷത്തിലധികം കാഴ്ചകളാണ് ഇതുവരെ നേടിയത്. 1,90,000ലധികം ഇൻസ്റ്റഗ്രാം റീലുകളിൽ ഈ ഗാനം ഉപയോഗിക്കപ്പെട്ടു. 50,000ത്തിലധികം യൂട്യൂബ് ഷോർട്ട്സിലും ഇത് ഫീച്ചർ ചെയ്യപ്പെട്ടത് പാട്ടിന്റെ സ്വീകാര്യത കൂടുതൽ വർധിപ്പിച്ചു. പ്രമുഖ കലാകാരന്മാർക്കും ഇൻഫ്ലുവൻസർമാർക്കും പുറമേ ഐഎപിഎൽ ടീമായ ചെന്നൈ സൂപ്പർ കിങ്സ് (സി.എസ്.കെ), മാഞ്ചസ്റ്റർ സിറ്റി, ബൊറൂസിയ ഡോർട്മുണ്ട് തുടങ്ങിയ ലോകത്തിലെ മുൻനിര ഫുട്ബോൾ ക്ലബ്ബുകളും ഓണം ആശംസകൾ നേരാൻ ഓണം മൂഡ് ഗാനമാണ് ഉപയോഗിച്ചത്.

വിവിധ സംഗീത പ്ലാറ്റ്ഫോമുകളുടെ ചാർട്ടുകളിലും ഓണം മൂഡ് സോങ് മുൻനിരയിലെത്തി. സ്പോട്ടിഫൈയുടെ കൊച്ചിയിലെ ടോപ്പ് സോങ്സ് ചാർട്ടിൽ രണ്ടാം സ്ഥാനവും, സ്പോട്ടിഫൈയുടെ ഇന്ത്യയിലെ ടോപ്പ് സോങ്സ് ചാർട്ടിൽ 135ാം സ്ഥാനവുമാണ് ഓണം മൂഡ് സോങ് നേടിയത്. സ്പോട്ടിഫൈയുടെ വൈറൽ സോങ്സ് ഇന്ത്യ ചാർട്ടിൽ 13ാം സ്ഥാനവും, ഗ്ലോബൽ വൈറൽ സോങ്സ് ചാർട്ടിൽ 53ാം സ്ഥാനവും ഓണം മൂഡ് സ്വന്തമാക്കി. ഓണത്തിന്റെ സമ്പന്നമായ പാരമ്പര്യങ്ങളെ ആഘോഷിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഗാനം പുറത്തിറക്കിയതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്നും, ലോകമെമ്പാടുമുള്ള പ്രേക്ഷകർ ഈ ഗാനം ഏറ്റെടുത്തതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണെന്നും സരിഗമ ഇന്ത്യ ലിമിറ്റഡ് അധികൃതർ പറഞ്ഞു.

# വർധിത ഊർജ്ജവുമായി ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതി മേഖല

**കൊച്ചി:** രാജ്യത്തെ സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവേകി യൂറോപ്യൻ യൂണിയനിലേക്ക് ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്ക് കൂടി ഇയു അംഗീകാരം നൽകി. ഇതോടെ അമേരിക്കൻ ചുങ്കമടക്കമുള്ള വെല്ലുവിളികളെ മറികടന്ന് യൂറോപ്യൻ വിപണിയിൽ ശക്തമായി ചുവടുറപ്പിക്കാൻ ഈ നീക്കം ഇന്ത്യയ്ക്ക് സഹായകമാകും.

യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഇന്ത്യൻ സമുദ്രോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങളുടെ എണ്ണം പുതിയ നീക്കത്തോടെ 538ൽ നിന്ന് 604 ആയി ഉയർന്നു. വലിയ ലാഭസാധ്യതകളുള്ള യൂറോപ്യൻ സമുദ്രോൽപ്പന്ന വിപണിയിൽ ഇന്ത്യയുടെ സാന്നിധ്യം വർദ്ധിക്കുന്നതോടെ നമ്മുടെ വിദേശനാണ്യ ശേഖരവും വർധിക്കും.

ഇന്ത്യൻ സമുദ്രോൽപ്പന്ന മേഖലയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര വാണിജ്യമന്ത്രി പിയൂഷ് ഗോയലും വാണിജ്യമന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും യൂറോപ്യൻ യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് നിർണായക നേട്ടം കൈവരിക്കാനായത്.

സമുദ്രോൽപ്പന്നങ്ങളുടെ ഉൽപ്പാദനം മുതൽ കയറ്റുമതി വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഉയർന്ന ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ സൂചനയാണ് ഈ നേട്ടമെന്ന് എംപിഇഡിഎ ചെയർമാൻ ഡി.വി. സ്വാമി പറഞ്ഞു. യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഫിഷറിസ് സ്ഥാപനങ്ങളുടെ കുറവ് കയറ്റുമതിക്കാർക്ക് വലിയ തടസ്സമായിരുന്നു. പുതിയ കരാർ ഗുണമേൻമയുള്ള ഉത്പന്നങ്ങളിലൂടെ യൂറോപ്യൻ വിപണിയിൽ സാന്നിധ്യം വർദ്ധിപ്പിക്കാൻ കയറ്റുമതിക്കാർക്ക് മികച്ച അവസരം നൽകുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ബെൽജിയം, സ്പെയിൻ, ഇറ്റലി എന്നിവയാണ് യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ ഇന്ത്യയുടെ പ്രധാന വിപണികൾ. 2025 ഒക്ടോബർ 1ന് പ്രാബല്യത്തിൽ വരുന്ന ഇന്ത്യഇഎഫ് ടിഎ വ്യാപാര കരാർ വഴി നോർവേ, സ്വിറ്റ്സർലാൻഡ് തുടങ്ങിയ ഇഎഫ് ടിഎ രാജ്യങ്ങളിലേക്കും വിപണി പ്രവേശനം സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സമുദ്രോത്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി എംപിഇഡിഎ സ്വീകരിച്ച നടപടികളിൽ അക്വാകൾച്ചറിൽ ഗുഡ് മാനേജ്മെന്റ് പ്രാക്ടീസസ് (ജിഎംപി) അവബോധം, ഫാം എൻ റോൾമെന്റ്, പ്രീഹാർവെസ്റ്റ് ടെസ്റ്റിംഗ് (പിഎച് ടി) വഴി അവശിഷ്ടങ്ങൾ നിരീക്ഷിക്കൽ, ഉത്പാദനം മുതൽ സംസ്കരണം വരെയുള്ള ഹസാപ് മാനദണ്ഡങ്ങൾ പാലിക്കൽ എന്നിവ ഉൾപ്പെടുന്നു.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിൽ മൂന്നാമത്തെ വലിയ വിപണിയാണ് യൂറോപ്യൻ യൂണിയൻ. ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 15.10% വരും. 2024-2025 കാലയളവിൽ യൂറോപ്യൻ യൂണിയനിലേക്ക് 9429.56 കോടി രൂപയുടെ (1125.60 ദശലക്ഷം യുഎസ് ഡോളർ) മൂല്യമുള്ള 2,15,080 മെട്രിക് ടൺ സമുദ്രോത്പന്നങ്ങളാണ് ഇന്ത്യ കയറ്റുമതി ചെയ്തത്. ഈ കയറ്റുമതിയിൽ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തി. യൂറോപ്യൻ യൂണിയനിലേക്ക് പ്രധാനമായും കയറ്റുമതി ചെയ്ത ഇനങ്ങൾ ശീതീകരിച്ച ചെമ്മീൻ, കണവ, കൂന്തൽ എന്നിവയാണ്.

# കൊഗ്നിസന്റ് സിഇഒ എസ് രവികുമാർ ടൈം 100 എഐ പട്ടികയിൽ



**കൊച്ചി:** ടൈമിന്റെ ഈ വർഷത്തെ 100 എഐ പട്ടികയിലേക്ക് കൊഗ്നിസന്റ് സിഇഒ എസ് രവികുമാർ തെരഞ്ഞെടുക്കപ്പെട്ടു. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിർമിത ബുദ്ധി മേഖലയിലെ രവികുമാറിന്റെ നേതൃത്വവും സംഭാവനകളും കണക്കിലെടുത്താണ് ഈ അംഗീകാരം. ആധുനീക നിർമിത ബുദ്ധി സാങ്കേതികവിദ്യയുടെ ഇപ്പോഴത്തെ സ്ഥിതി കൈവരിക്കുന്നതിനായി സംഭാവനകൾ ചെയ്ത വിവിധ മേഖലകളിലെ ചിന്തകർ, ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ തുടങ്ങിയവരെയാണ് ടൈം 100 എഐ പട്ടികയിലേക്കു തെരഞ്ഞെടുക്കുന്നത്. രവികുമാറിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത മാത്രമല്ല, കൊഗ്നിസന്റ് ഈ രംഗത്തെ പുതുമകൾക്കും മികവിനും വേണ്ടി നടത്തുന്ന സംഭാവനകൾ കൂടിയാണ് ഇതിലൂടെ അംഗീകരിക്കപ്പെടുന്നത്. സ്ഥാപന രംഗത്തെ നിർമിത ബുദ്ധി ത്വരിതപ്പെടുത്തുന്നതിനായി 2023ൽ ഒരു ബില്യൺ ഡോളറാണ് കൊഗ്നിസന്റ് പ്രഖ്യാപിച്ചത്.



# ലുലു വാല്യൂ സ്റ്റോറായ 'ലോട്ടി'ന് മിഡിലീസ്റ്റ് റീറ്റെയ്ൽ ഫോറം അംഗീകാരം

**ദുബായ്:** ലുലു വാല്യൂ സ്റ്റോറായ ‘ലോട്ടി’ന് മിഡിലീസ്റ്റ് റീറ്റെയ്ൽ ഫോറത്തിൽ 2025ലെ മോസ്റ്റ് അഡ് മയേഡ് വാല്യൂ റീറ്റെയ്ലർ ഓഫ് ദി ഇയർ പുരസ്കാരം ലഭിച്ചു. ദുബായ് മറീന ജെ ഡബ്ലിയു മാർകിയിൽ നടന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്. ലോട്ടിനെ പ്രതിനിധീകരിച്ച് ലുലു ഗ്രൂപ്പ് ബൈയിങ്ങ് ഡയറക്ടർ മുജീബ് റഹ്മാൻ, ബിസിനസ് ഡവലപ്മെൻറ് മാനേജർ അരവിന്ദ് പത്മകുമാരി, ഡിജിറ്റൽ മാർക്കറ്റിങ്ങ് വിഭാഗത്തിലെ ശഹാന സുലൈമാൻ, തമ്പുരു ജയശ്രീ, നിഖിൽ രജേഷ് എന്നിവർ ചേർന്ന് പുസ്കാരം ഏറ്റുവാങ്ങി.

അപ്പാരൽ ഗ്രൂപ്പ്, അഡ്നോക്, ലാൻഡ് മാർക്ക് ഗ്രൂപ്പ്, മാജിദ് അൽ ഫുതൈയിം തുടങ്ങിയ പ്രമുഖ റീട്ടെയിൽ ബ്രാൻഡുകളെ മറികടന്നാണ് ലോട്ടിന് ഈ അഭിമാനകരമായ അംഗീകാരം ലഭിച്ചത്.

ലുലു ഗ്രൂപ്പിൻറെ മൂല്യാധിഷ്ഠിത ഷോപ്പിംഗ് വിഭാഗമായി ആരംഭിച്ച ലോട്ട് ഇന്ന് ഫാഷൻ, ഫുട് വെയർ, ഹോം എസൻഷ്യൽസ്, ഇലക്ട്രോണിക്സ്, കളിപ്പാട്ടങ്ങൾ, ആക്സസറീസ്, ലൈഫ്സ്റ്റൈൽ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ ആകർഷകമായ വിലയിൽ വിൽക്കുന്ന ഏറ്റവും ജനപ്രിയമായ സ്റ്റോറുകളായി മാറിക്കഴിഞ്ഞു. ജിസിസി രാജ്യങ്ങളിൽ നിലവിൽ 25 ലധികം ലോട്ട് സ്റ്റോറുകൾ ഉണ്ട്.

അന്താരാഷ്ട്ര വിപണിയിലേക്കും ലോട്ടിനെ എത്തിക്കുന്നതിന് വിപുലമായ പദ്ധതികൾ നടപ്പാക്കുമെന്ന് മാനേജ്മെൻറ് അറിയിച്ചു.

വാല്യൂ ഷോപ്പിംഗിനെ പുതുതായി നിർവചിക്കാനുള്ള ഞങ്ങളുടെ ദൗത്യത്തിനുള്ള മൂല്യവത്തായ അംഗീകാരമാണ് ഈ പുരസ്കാരം. വിലയിലും ഗുണത്തിലും വിട്ടുവീഴ്ച ചെയ്യാത്തൊരു ഷോപ്പിംഗ് അനുഭവമാണ് ലോട്ട് നൽകുന്നത്, ലുലു ഗ്രൂപ്പ് ബൈയിങ്ങ് ഡയറക്ടർ മുജീബ് റഹ്മാൻ പറഞ്ഞു.

മറ്റ് വിഭാഗങ്ങളിൽ അഡ്നോക്, ഡിസ്നി സ്റ്റോർ, ത്രെഡ്സ് മി, അസിക്സ്, ജെറ്റോർ, ബേബി ഷോപ്, കോസ്റ്റ കോഫി എന്നിവയും പുരസ്കാരം നേടി.

# 48 ദിവസം കൊണ്ട് 1,000 കോടി രൂപയുടെ സ്വർണപ്പണയ വായ്പ വിതരണം ചെയ്ത് കേരള ബാങ്ക്

**തിരുവനന്തപുരം:** 2025 ജൂലൈ 24 മുതൽ ഒക്ടോബർ 31 വരെ കേരള ബാങ്ക് നടപ്പാക്കുന്ന പ്രത്യേക 100 ദിന സ്വർണപണയ വായ്പ കാമ്പയിൻ 48 ദിവസം പിന്നിട്ടപ്പോൾ 823 ശാഖകൾ വഴി 1,000 കോടി രൂപയുടെ വായ്പ വിതരണം ചെയ്തു.

13 സ്വർണപണയ വായ്പാ പദ്ധതികളുള്ള ബാങ്കിൽ കാമ്പയിൻ സമയത്ത് 9.25% പലിശയ്ക്ക് ഒരു ലക്ഷം രൂപവരെ അനുവദിക്കുന്ന പ്രത്യേക സ്കീം ആരംഭിച്ചിട്ടുണ്ട്.

1,000 കോടി രൂപയുടെ നേട്ടത്തിൻറെ ഭാഗമായുള്ള അനുമോദന ചടങ്ങ് കേരള ബാങ്ക് ഹെഡ് ഓഫീസിൽ സഹകരണ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. രണ്ടര ലക്ഷം വരെയുള്ള സ്വർണപണയ വായ്പകൾക്ക് മാർക്കറ്റ് വിലയുടെ 85% വരെ അനുവദിക്കുന്നുണ്ട്.

ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ബോർഡ് അംഗം അഡ്വ. എസ്. ഷാജഹാൻ, ബോർഡ് ഓഫ് മാനേജ്മെൻറ് അംഗം ബി.പി. പിള്ള, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ, ചീഫ് ജനറൽ മാനേജർമാരായ റോയ് ഏബ്രഹാം, എ.ആർ. രാജേഷ്, എ. അനിൽ കുമാർ, ജനറൽ മാനേജർമാർ എന്നിവർ പങ്കെടുത്തു.



# സ്വദേശ് സമ്മാൻ ദേശീയപുരസ്കാരം കെഎസ്എഫ്ഇ ഏറ്റുവാങ്ങി

**ന്യൂദൽഹി:** ന്യൂദൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ആറാമത് സ്വദേശി കോൺക്ലേവിൽ കേന്ദ്ര ടൂറിസംസാംസ്കാരിക മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്തിൽനിന്നു കെഎസ്എഫ്ഇ ചെയർമാൻ വരദരാജൻ, മാനേജിംഗ് ഡയറക്ടർ ഡോ. എസ്.കെ. സനിൽ എന്നിവർ ചേർന്നാണ് പുരസ്കാരം ഏറ്റുവാങ്ങിയത്.

ഒരു ലക്ഷം കോടി രൂപ ബിസിനസ് നേടുന്ന രാജ്യത്തെ ആദ്യ എംഎൻബിസി എന്ന നേട്ടത്തിനു പിന്നാലെയാണ് ദേശീയ പുരസ്കാരം തേടിയെത്തിയത്. കേന്ദ്ര ഐടി സഹമന്ത്രി ജതിൻ പ്രസാദിന്റെ സാന്നിധ്യത്തിൽ സുപ്രീം കോടതി ജസ്റ്റീസ് കൊടീശ്വർ സിംഗ് കെഎസ്എഫ്ഇക്കു കീർത്തിപത്രം സമ്മാനിച്ചു.

വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭിക്കുന്ന ദേശീയ ബഹുമതിയാണു സ്വദേശ് സമ്മാൻ പുരസ്കാരം. ദലൈലാമ, രത്തൻ ടാറ്റ, അമർത്യസെൻ, ലത മങ്കേഷ്കർ എന്നിവരും ഐഎസ്ആർഒ, ബ്രഹ്മോസ്, ആകാശവാണി, പ്രസാർ ഭാരതി എന്നിവയും മുൻ വർഷങ്ങളിൽ പുരസ്കാരം നേടിയിട്ടുണ്ട്. മുൻ ചീഫ് ജസ്റ്റീസും പ്രമുഖ വ്യവസായികളും കലാകാരൻമാരും അടങ്ങുന്ന ഒൻപതംഗ പാനലാണു പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നത്.

ഈ നാടിന്റെ ധൈര്യം എന്ന കെഎസ്എഫ്ഇയുടെ പുതിയ മുദ്രാവാചകം അടുത്തിടെ മുഖ്യമന്ത്രി പിണറായി വിജയനാണു പ്രകാശനം ചെയ്തത്. സ്വദേശ് സമ്മാൻ പുരസ്കാരത്തിലൂടെ ഈ വാചകം അന്വർഥമാക്കുകയാണെന്നു ധനമന്ത്രി കെ. ബാലഗോപാലും പറഞ്ഞു. വിശ്വാസ്യത, സുതാര്യത, കേരള സർക്കാർ നൽകുന്ന ഉറപ്പ് എന്നിവയാണ് കെഎസ്എഫ്ഇയുടെ പ്രധാന ശക്തികളെന്നു ചെയർമാൻ വരദരാജൻ പറഞ്ഞു.

സ്ഥിരമായ ലാഭക്ഷമത, ദീർഘവീക്ഷണമുള്ള ലക്ഷ്യങ്ങൾ, നവീകരണശ്രമങ്ങൾ, സാങ്കേതികമുന്നേറ്റങ്ങൾ, ജീവനക്കാരുടെ സംഭാവനകൾ എന്നിവയുടെ ഫലമാണ് പുരസ്കാരമെന്നു മാനേജിംഗ് ഡയറക്ടർ ഡോ. എസ്. കെ. സനിൽ പറഞ്ഞു. 2024-25 സാമ്പത്തിക വർഷത്തിൽ 512 കോടി രൂപ ലാഭം രേഖപ്പെടുത്തി. ഒരു കോടി ഉപഭോക്താക്കൾ എന്ന ലക്ഷ്യത്തിലേക്കു നീങ്ങുകയാണു സ്ഥാപനമെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com